## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **977** — 25.01.2018-ലെ മറുപടി

## കമിളി ശുദ്ധജല പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ആൻസലൻ | | മാത്യു ടി.തോമസ് (ബഹു. ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കമിളി വാട്ടർ സപ്ലൈ സ്കീം പൂർത്തീകരിച്ചോ; ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ആകെ ചെലവാകുന്ന തുക എത്ര കോടി ആണ്; | (എ) | ഇല്ല;<br>പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തിയാവുമ്പോൾ ഏകദേശം 1734.11 ലക്ഷം രൂപ ആകെ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ബി) | കമിളി ശുദ്ധജല പദ്ധതിയുടെ ഉത്ഘാടനം 2018 മാർച്ചിന് മുൻപ് നടത്താൻ കഴിയുമോ; | (ബി) | കമിളി ശുദ്ധജല വിതരണ പദ്ധതിയുടെ പരണിയത്ത് സ്ഥാപിക്കുവാനുള്ള ജലസംഭരണിയും അനുബന്ധ പ്രവൃത്തികളും ഒഴികെയുള്ള ഘടകങ്ങൾ 2018 മാർച്ച് അവസാന വാരത്തോടെ പൂർത്തിയാക്കി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | കമിളി പദ്ധതി കൊണ്ട് ഏതെല്ലാം പഞ്ചായത്തുകളിൽ ആണ് കുടിവെള്ളം എത്തിക്കാൻ കഴിയുന്നത് എന്ന് വിശദമാക്കാമോ; | (സി) | കമിളി പദ്ധതി കൊണ്ട് കാഞ്ഞിരംകുളം, തിരുപുറം, കരുംകുളം പഞ്ചായത്തുകളിൽ പൂർണ്ണമായും, പൂവ്വാർ പഞ്ചായത്തിൽ ഭാഗികമായും കുടിവെള്ളമെത്തിക്കാൻ കഴിയുന്നതാണ്. |
| (ഡി) | കമിളി പദ്ധതിയുടെ അനുബന്ധമായി നടപ്പിൽ വരുത്തുന്ന 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ അതിയന്നൂർ കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചോ; എത്ര കോടി രൂപയുടെ ഡി.പി.ആർ ആണ് തയ്യാറാക്കിയതെന്ന് അറിയിക്കാമോ ? | (ഡി) | പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി, ഡി.പി.ആർ, കിഫ്ബിയുടെ അംഗീകാരത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. അതിയന്നൂർ കുടിവെള്ള പദ്ധതിക്കായി 25 കോടി രൂപയുടെ ഡി.പി.ആർ ആണ് തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ